# "കൊക്കകോള മൂലമുള്ള കഷ്ടപ്പാടുകളിൽ നിന്ന് മോചനം കിട്ടുന്നതു വരെ സമരം ചെയ്യും" : സ്വാമിനാഥൻ

കേരളീയം ന്യൂസ് സർവ്വീസ്

***പ്ലാച്ചിമട സമരം എന്തുകൊണ്ടാണ് ഇത്ര നീണ്ടുപോകുന്നത്?***

കേരളത്തിലെ മനുഷ്യസ്നേഹികളായ എല്ലാവരും സമരത്തിനെ നല്ലതുപോലെ സഹായിച്ചു. പക്ഷേ ഭരണാധികാരികൾക്ക് ഇപ്പോഴും കണ്ണ് തുറന്നിട്ടില്ല. ആദിവാസികളുടെ വികസനത്തിന് ധാരാളം ഫണ്ടും ഉദ്യോഗസ്ഥന്മാരെയും നിയോഗിച്ചിട്ടും അവരുപോലും തിരിഞ്ഞു നോക്കിയിട്ടില്ല.

***സമരം ചെയ്യുന്നവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെ?***

തുടക്കത്തിലുണ്ടായിരുന്ന കഷ്ടപ്പാടുകളെയപേക്ഷിച്ച് ഇപ്പോൾ കുറവാണ്. രാഷ്ട്രീയ പാർട്ടികൾ തെറ്റുതിരുത്തി വന്നതുകൊണ്ട് തന്നെ ബുദ്ധിമുട്ട് വളരെ കുറഞ്ഞു.

***പ്ലാച്ചിമട സമരം വിജയിച്ചു എന്ന് എപ്പോഴാണ് പറയാൻ കഴിയുക?***

സമരം ഒന്നാം വാർഷികം കഴിഞ്ഞപ്പോൾ തന്നെ വിജയിച്ചു എന്ന് പറയണം. മുഴുവൻ ജീവജാലങ്ങൾക്കും ആവശ്യമായ വെള്ളം കോക്കകോള പോലുള്ള കുത്തക കമ്പനികൾ മലിനീകരിക്കുന്നതിനെതിരെയുള്ള സന്ദേശം കേരളത്തിലും ഇന്ത്യയിലും ലോകത്ത് പല ഭാഗങ്ങളിലും എത്തിക്കാൻ കഴിഞ്ഞതു തന്നെ വിജയമാണ്. ഭൂഗർഭജല ചൂഷണത്തിന്റെയും പരിസരമലിനീകരണത്തിന്റെയും പ്രശ്നങ്ങൾ കൂടുതൽ ജനങ്ങൾ അറിയാനിടയായി.

പിന്നീട് കോക്കകോള വാങ്ങി കുടിക്കാൻ പോലും ആളുകൾ പേടിച്ചു തുടങ്ങി.

സമരത്തിന്റെ ഇനിയുള്ള ദൗത്യം ഇവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളിൽ നിന്ന് മോചനം നേടുക എന്നതാണ്. കോക്കകോള കമ്പനി കൊണ്ട് ഇവിടെയുള്ളവർ സാമ്പത്തികവും വിദ്യാഭ്യാസപരവും തൊഴിൽപരവും ശാരീരികവുമായ രീതിയിലുള്ള ദ്രോഹം അനുഭവിക്കുന്നുണ്ട്. ഇത് മാറുക എന്നുള്ളതാണ് ഇനിയുള്ള സമരത്തിന്റെ വിജയം.

***പ്ലാച്ചിമടയ്ക്ക പുറമെ നിന്ന് സമരത്തോട് അനുഭാവമുള്ളവർക്ക് എങ്ങിനെയൊക്കെയാണ് സമരത്തെ സഹായിക്കാൻ കഴിയുക?***



*സമരസമിതി കൺവീനർ*

സമരത്തിന്റെ വിജയത്തിന് സഹായിക്കുന്ന എല്ലാവരുടേയും ഏതു തരത്തിലുള്ള സഹായവും വേണം. സമരത്തിന് ദോഷം ചെയ്യുന്ന ഒന്നിനേയും സ്വീകരിക്കാൻ ഞങ്ങൾ തയ്യാറല്ല.

സമരത്തെ പിൻതുണക്കുന്ന ഒരു പാടാളുകളുണ്ട്. ഈ ആളുകൾ ഓരോ സ്ഥലത്തിരുന്നു പല പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. അവരും ഇടയ്ക്ക് പന്തലിൽ വന്നിരുന്നു സമരം ചെയ്താൽ ഇവിടെയുള്ളവർക്ക് വലിയ സഹായമായിരിക്കും. ഇവിടെയുള്ളവർക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നത് കുറയ്ക്കാനായേക്കും. ഓരോ സംഘടനയും ഓരോ ദിവസം ഏറ്റെടുത്ത് ചിട്ടയോടെ സമരം ചെയ്യാനായാൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ പറ്റും.

***പ്ലാച്ചിമട സമരത്തിന് ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയുണ്ടായിട്ടും സമരം ശക്തിപ്പെടാഞ്ഞത് എന്തുകൊണ്ടാകാം?***

രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ സമരത്തെ അഭിവൃദ്ധിയിലേയ്ക്ക് കൊണ്ടുവരുമെന്നാണ് വിചാരിച്ചത്. പക്ഷേ രാഷ്ട്രീയ പാർട്ടികൾ അവക്ക് ചെയ്യാവുന്ന കാര്യങ്ങൾ കൃത്യമായി ചെയ്യുന്നില്ല എന്നാണ് കാണുന്നത്.

ഡിവൈഎഫ്ഐ. വലിയൊരു സംഘടനയാണ്. മറ്റു പല കാര്യങ്ങളിലും വളരെ ആസൂത്രിതമായി ചെയ്ത് ഫലങ്ങൾ ഉണ്ടാക്കുമ്പോഴും കൊക്കകോള സമരത്തിൽ അവർ പിൻവലിഞ്ഞ് നില്ക്കുകയാണ്.

***സമരത്തിന്റെ ഭാവി പരിപാടികൾ?***

ജനു. 14 ന് സമരത്തിന് പിന്തുണക്കുന്ന വലിയൊരു കൂട്ടായ്മ ആലോചനക്കായി ചേരുന്നുണ്ട്. സമരത്തിന്റെ പുതിയ ദിശയെക്കുറിച്ച് അതിൽ തീരുമാനിക്കാമെന്നാണ് വച്ചിരിക്കുന്നത്. ഇപ്പോൾ കോക്കകോള മൂലം അനുഭവിക്കുന്ന കഷ്ടപ്പാടുകളിൽ നിന്ന് മോചനം കിട്ടുന്നതുവരെ സമരം ചെയ്യാൻ ഞങ്ങൾ നിർബന്ധിതരാണ്.

12-1-05 പ്ലാച്ചിമട സമരപന്തൽ



കൊക്കകോള വളമായി നല്കിയിരുന്ന മാരകവിഷം